## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 19** **25.04.2017 ലെ മറുപടിയ്ക്ക്**

## ബാലാവകാശ കമ്മീഷനിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | ബാലാവകാശ കമ്മീഷനിലെ ഒഴിവുകൾ നികത്താത്തതിന് കേരളത്തിന് സുപ്രീംകോടതി പിഴ ചുമത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബാലാവകാശ കമ്മീഷനിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ 08.01.2017 ൽ ഒഴിവ് വന്ന 6 അംഗങ്ങളുടെ ഒഴിവ് നികത്തുന്നതിനായി 2016 നവംബർ മാസം യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ 154 അപേക്ഷകൾ പരിശോധിച്ച് അതിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരുടെ ഇന്റർവ്യൂ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന നടപടികൾ രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായതിനാൽ നിയമന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. സ്റ്റേ കാലാവധി കഴിഞ്ഞതിനാൽ നിയമന നടപടികൾ ഉടൻ തന്നെ പൂർത്തിയാകുന്നതാണ്. |
| (സി) | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോക്സോ കോടതികളുടെ സുഗമമായ പ്രവർത്തനത്തിനുള്ള നിയമനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പതിനാല് ജില്ലകളിലും നോട്ടിഫൈ ചെയ്തിട്ടുള്ള പോക്സോ കോടതികളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.